ശ്രീ. ടി. അബ്ദുൽ മജീദ് : എം. എൽ. എ. മാരെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. പി. ടി. ചാക്കോ : മൂന്നു എം. എൽ. എ. മാക്ക് സീറ്റ് റിസർവ്വ് ചെയ്തതുകൊണ്ട് പിന്നെ വന്ന എം. എൽ. എ. മാക്ക് സീറ്റ് കിട്ടിയില്ല എന്നു കാണിച്ച് ഗവണ്മെൻറിലേക്ക വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൽ മജീദ് : പൊതുവായി അങ്ങനെയൊരു നിബന്ധന ഉണ്ട്, എന്നാൽ എം. എൽ. എ. മാരെ അതിൽ നിന്നു ഒഴിവാക്കിക്കൊണ്ട് ഉത്തരവുകൾ അയച്ചിട്ടുണ്ട്.

ശ്രീ. എം. എ. ആൻറണി : രണ്ടോ മൂന്നോ മുമ്പ് എറണാകുളത്തു നിന്നും തിരുവനന്തപുരത്തേക്ക പുറപ്പെടുന്ന എക്സ്പ്രസ്സ് ബസ്സിൽ എം. എൽ. എ. മാർ കയറാൻ ചെന്നപ്പോൾ മൂന്നാളുകൾക്ക് കൂടുതൽ റിസർവ്വ് ചെയ്യാൻ പാടില്ലെന്ന് അവിടത്തെ അധികൃതർ പറഞ്ഞപ്രകാരം അവർക്ക് സീറ്റ് റിസർവ്വ് ചെയ്തു കിട്ടുവാൻ സാധിച്ചിട്ടില്ലെന്നുള്ള വിവരത്തെപ്പറ്റി ഗവണ്മെൻറ് അന്വേഷിക്കുമോ?

ശ്രീ. ടി. അബ്ദുൽ മജീദ്: അന്വേഷിക്കാം.

ബസ്സ് സ്റ്റേഷൻ.

*1729. [20] ശ്രീ. എ. കുഞ്ഞുകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959-60 സാമ്പത്തികവർഷത്തിൽ കൊല്ലം ഡിസ്ട്രിക്ടിൽ എത്ര 'ബസ്സ് സ്റ്റേഷൻസ്', പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) കരുനാഗപ്പള്ളി ഇടപ്പള്ളി-കോട്ടയിൽ ഒരു ബസ്സ് സ്റ്റേഷൻ ഉണ്ടാക്കുവാൻ ഭയവുണ്ടോകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) 7 (ഏഴ്) വെയിറ്റിംഗ് ഷെഡ്ഡുകൾ.

(ബി) അടുത്ത സാമ്പത്തികവർഷത്തിൽ പരിഗണിക്കുന്നതാണ്.

കയറും കൈത്തറിയും ഫാക്ടറികൾ.

*1730. [21] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണാടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുവർഷത്തിനകം എത്ര കയറും കൈത്തറിയും ഫാക്ടറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര എണ്ണത്തിൽ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭരണസമിതികളുണ്ട്; എത്ര എണ്ണത്തിൽ ഗവണ്മെൻറ് നാമനിർദ്ദേശം ചെയ്ത കമ്മിറ്റികൾ പ്രവർത്തിക്കുന്നു:

(സി) ഈ സംഘങ്ങളിലെ പ്രസിഡൻറുമാർ ആരെല്ലാം?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) മൂന്നു കയർ ഫാക്ടറികളും ആറു കൈത്തറി ഫാക്ടറികളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്:

(ബി) ഒന്നിലും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ ഇല്ല. പ്രസ്തുത സംഘങ്ങളുടെ ബൈലാ അനുസരിച്ച് അവയുടെ ആദ്യത്തെ മൂന്നു വർഷങ്ങൾക്കുള്ള പ്രവർത്തനങ്ങൾക്ക ഭരണസമിതികളെ നോമിനേറ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly